കേരള സർക്കാർ

## വിവര പൊതുജന സമ്പർക്ക വകുപ്പ്

# പത്രക്കുറിപ്പ്

**ജില്ലാ ഇൻഫർമേഷൻ ആഫീസ്** **2018 ഒക്ടോബർ 03**

**കാസർകോട്** **ബുധൻ**

**www.prd.kerala.gov.in 04994 255145 dioksgd@gmail.com**

## ഗാന്ധി ദർശനങ്ങളുടെ പ്രസക്തി വർധിച്ചു

ഗാന്ധിയൻ ദർശനങ്ങളുടെ പ്രസക്തി വർത്തമാനകാലത്ത് ഏറെ വർധിച്ചതായി പ്രമുഖ ഗാന്ധിയൻ കെ.വി രാഘവൻ മാസ്റ്റർ പറഞ്ഞു. കാസർകോട് ഡയറ്റിൽ ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഗാന്ധിയൻ ദർശനങ്ങളുടെ പ്രസക്തി എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാറിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ഗാന്ധിയൻ ദർശനങ്ങളെക്കുറിച്ച് പഠിക്കാൻ യുവതലമുറ തയ്യാറാകണം. വർത്തമാനകാല ലോകത്തെ പ്രശ്നങ്ങൾക്കുള്ള പരിഹാരം ഗാന്ധിജിയുടെ ആശയങ്ങളുടെ പ്രയോഗവത്ക്കണമാണെന്നും അദ്ദേഹം പറഞ്ഞു.

ഡയറ്റ് സീനിയർ ലക്ചറർ കെ.രമേഷ് അധ്യക്ഷനായി. പ്രിൻസിപ്പൽ പി. ജയദേവൻ സെമിനാർ ഉദ്ഘാടനം ചെയ്തു. ജില്ലാ ഇൻഫർമേഷൻ ഓഫീസർ റഷീദ് ബാബു സ്വാഗതവും ഫാത്തിമത്ത് ഹസീന നന്ദിയും പറഞ്ഞു. ഡയറ്റ് വിദ്യാർത്ഥികളായ നിഷിത് കെ.ബി, ഭാഗ്യ ഭാസ്കരൻ,ശ്രീവത്സ ശർമ.കെ എന്നിവർ പ്രസംഗിച്ചു. സ്വാതി.കെ, ശാലിനി.കെ. എന്നിവർ ഗാന്ധിയെക്കുറിച്ചുള്ള കവിതകൾ ആലപിച്ചു.

ഗാന്ധിസെമിനാർ:- കാസർകോട് ഡയറ്റിൽ ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഗാന്ധിയൻ ദർശനങ്ങളുടെ പ്രസക്തി സെമിനാർ ഡയറ്റ് പ്രിൻസിപ്പൽ പി. ജയദേവൻ ഉദ്ഘാടനം ചെയ്യുന്നു.

## 'ഹരിത സ്പർശത്തിനു ഞാനും എന്റെ വിദ്യാലയവും'; തുക കൈമാറി

പ്രളയ ദുരിത ബാധിത പ്രദേശങ്ങളിലെ പുനർനിർമാണത്തിനു സാമ്പത്തിക സമാഹരണം നടത്തുക, ജില്ലയിലെ അജൈവ മാലിന്യങ്ങളുടെ ശാസ്ത്രീയമായ പുന:ചംക്രമണം സാധ്യമാക്കുക, വിദ്യാർത്ഥികളിൽ മാലിന്യപരിപാലനത്തെ സംബന്ധിച്ച അവബോധം വളർത്തുക എന്നീ ലക്ഷ്യങ്ങളോടെ ഹരിത കേരളം ജില്ലാ മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളുടെയും പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും സഹകരണത്തോടെ നടത്തുന്ന 'ഹരിത സ്പർശത്തിനു ഞാനും എന്റെ വിദ്യാലയവും' പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനത്തിന്റെ ഭാഗമായി കുണ്ടംകുഴി ഗവ. ഹയർ സെക്കന്ററി സ്കൂൾ വിദ്യാർഥികൾ ശേഖരിച്ച പാഴ്വസ്തുക്കൾ വിറ്റുകിട്ടിയ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു കളക്ടറേറ്റിൽ നടന്ന ചടങ്ങിൽ ജില്ലാ കളക്ടർ ഡോ.ഡി.സജിത് ബാബുവിനു കൈമാറി.

ചടങ്ങിൽ ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർ ഡോ: ഗിരീഷ് ചോലയിൽ, സ്കൂളിനെ പ്രതിനിധീകരിച്ച് പി.ടി.എ പ്രസിഡന്റ് എം.രഘുനാഥൻ, എസ്.എം.സി ചെയർമാൻ ടി.വരദരാജ്, സീനിയർ അസിസ്റ്റന്റ് കെ.അശോകൻ, ഇക്കോ ക്ലബ് കൺവീനർ പി.കെ

(തുടരും)

ജയരാജൻ, സ്റ്റാഫ് സെക്രട്ടറി കെ.പുഷ്പരാജൻ, പി.ടി.എ അംഗങ്ങളായ പി. വാമനൻ, കെ.ബാലകൃഷ്ണൻ, വിദ്യാർഥികളായ നൃപൻ മുരളി, മുഹ്സീന, സനുഷ എന്നിവർ സംബന്ധിച്ചു.

ഫോട്ടോ അടിക്കുറിപ്പ്:- ഹരിത:-

ഹരിത സ്പർശത്തിനു ഞാനും എന്റെ വിദ്യാലയവും പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനത്തിന്റെ ഭാഗമായി കുണ്ടംകുഴി ഗവ. ഹയർ സെക്കന്ററി സ്കൂൾ വിദ്യാർഥികൾ ശേഖരിച്ച പാഴ്വസ്തുക്കൾ വിറ്റുകിട്ടിയ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കായി ജില്ലാ കളക്ടർ ഡോ.ഡി.സജിത് ബാബുവിനു കൈ മാറുന്നു.

## കുടിവെള്ളവിതരണം മുടങ്ങും

കേരള വാട്ടർ അതോറിറ്റിയുടെ ബാവിക്കര പമ്പ് ഹൗസിലെ പ്രധാന മോട്ടോറിന്റെ ഷാഫ്റ്റ് പൊട്ടിയതിനാൽ കാസർകോട് നഗരസഭ, മധൂർ, ചെങ്കള, മൊഗ്രാൽ പുത്തൂർ ഭാഗങ്ങളിൽ രണ്ടു ദിവസത്തേക്ക് കുടിവെള്ള വിതരണം ഭാഗികമായി തടസപ്പെടുമെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

## കമ്പോസ്റ്റ് നിർമാണത്തിനു ധനസഹായം

2,500 രൂപ ധനസഹായത്തോടുകൂടി ഗാർഹിക-കാർഷിക ജൈവമാലിന്യങ്ങൾ സംസ്ക്കരിച്ചു വളമാക്കി കൃഷിക്കുപയുക്തമാക്കുന്നതിനു സന്നദ്ധരായ കാസർകോട് മുനിസിപ്പൽ പരിധിയിലുള്ള കർഷകർ ഈ മാസം 10ന് കൃഷിഭവനിൽ ഹാജരാകാൻ കൃഷി ഫീൽഡ് ഓഫീസർ അറിയിച്ചു.

## 2018-19 വാർഷിക പദ്ധതി പ്രോജക്ടുകളുടെ

## നിർവഹണ പുരോഗതി അവലോകനം ചെയ്തു

### പദ്ധതി അടങ്കലിന്റെ 31.70 ശതമാനം ചിലവഴിച്ച് കാസർകോട് ജില്ല അഞ്ചാം സ്ഥാനത്ത്

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2018-19 വാർഷിക പദ്ധതി പ്രോജക്ടുകളുടെ നിർവഹണ പുരോഗതി ജില്ലാ ആസൂത്രണ സമിതി യോഗം അവലോകനം ചെയ്തു.നിലവിൽ പദ്ധതി അടങ്കലിന്റെ 31.70 ശതമാനം ചിലവഴിച്ച് ജില്ല സംസ്ഥാന തലത്തിൽ അഞ്ചാം സ്ഥാനത്താണെന്ന് യോഗം വിലയിരുത്തി. ജില്ലാ പഞ്ചായത്തിന്റെയും കാഞ്ഞങ്ങാട് നഗരസഭയുടെയും കാഞ്ഞങ്ങാട്, കാസർകോട്, നീലേശ്വരം, മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തുകളുടെയും 16 ഗ്രാമ പഞ്ചായത്തുകളുടെയും ഭേദഗതി പദ്ധതികൾക്ക് യോഗം അംഗീകാരം നൽകി. 2019-20 വാർഷിക പദ്ധതികളുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും ആസൂത്രണ സമിതി യോഗം നിർദ്ദേശം നൽകി.

ജില്ലാ ആസൂത്രണ സമിതി ഹാളിൽ നടന്ന ചടങ്ങിൽ എ.ജി.സി ബഷീർ അധ്യക്ഷത വഹിച്ചു. ജില്ലാ കളക്ടർ ഡോ.ഡി. സജിത് ബാബു, ജില്ലാ ആസൂത്രണ സമിതി അംഗങ്ങൾ, ജില്ലാ പ്ലാനിംഗ് ഓഫീസർ നിനോജ് മേപ്പടിയത്ത്, തദ്ദേശ ഭരണ സ്ഥാപന അധ്യക്ഷൻമാർ, സെക്രട്ടറിമാർ, ജില്ലാതല ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

## സ്റ്റേഷനറി ഫോർകാസ്റ്റ് സമർപ്പിക്കണം;

## ഹെൽപ്പ് ഡെസ്ക് കളക്ടറേറ്റ് നാളെ

സ്റ്റേഷനറി വകുപ്പിന്റെ ആധുനിക വൽക്കരണത്തിന്റെ ഭാഗമായി നടപ്പാക്കിയിട്ടുള്ള ഇ-മിസ്റ്റ് ടേംസ് സോഫ്റ്റ്‌വെയറിൽ ഓൺലൈൻ വിതരണ സൗകര്യം ലഭ്യമാക്കുന്നതിന് ജില്ലയിലെ സർക്കാർ ഓഫീസുകൾ അവരുടെ സ്റ്റേഷനറി ഡിമാന്റ് ഫോർകാസ്റ്റ് എന്നിവ ഓൺലൈനായി സമർപ്പിക്കേണ്ട അവസാന തീയതി നാളെ(5). എല്ലാ ഓഫീസുകൾക്കും കെൽട്രോൺ മുഖേന ടാസ്ക് സെന്ററും നൽകിയിട്ടുണ്ട്. നിലവിൽ ഉപയോഗിക്കുന്ന യൂസർ ഐഡി, പാസ്‌വേർഡ് ഉപയോഗിച്ച് emist.keltron.im ൽ പ്രവേശിച്ച് ടാസ്ക് സെന്റർ ക്ലിക്ക് ചെയ്ത് ഡിമാന്റ് ഫോർകാസ്റ്റ് തയ്യാറാക്കി സമർപ്പിക്കാം.

ഒക്ടോബർ അഞ്ചിനകം തയ്യാറാക്കി സമർപ്പിച്ചില്ലെങ്കിൽ ഓൺലൈൻ പ്ലാറ്റ്ഫോമിൽ നിന്ന് പ്രസ്തുത ഓഫീസുകൾ അപ്രത്യക്ഷമാകുകയും സ്റ്റേഷനറി വിതരണം ലഭ്യമല്ലാതാകുകയും ചെയ്യും. ഇനിയും തയ്യാറാക്കി സമർപ്പിക്കാത്ത ഓഫീസുകൾക്ക് നാളെ(5) രാവിലെ പത്തരമുതൽ കളക്ടറേറ്റ് മിനി കോൺഫറൻസ് ഹാളിൽ ഹെൽപ്പ് ഡെസ്ക് സജ്ജമാക്കി. ഇവിടെ നിന്നും സംശയങ്ങൾക്ക് മറുപടി നൽകും. അതാത് ഓഫീസിലെ ഉദ്യോഗസ്ഥ പ്രതിനിധികൾ നേരിട്ട് ബന്ധപ്പെടണമെന്ന് ജില്ലാ സ്റ്റേഷനറി ഓഫീസർ അറിയിച്ചു.

## റബ്ബർപാൽ, ഡ്രൈ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുന്നതിന് പരിശീലനം

സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിൽ മഞ്ചേരി, പയ്യനാടുള്ള കോമൺ ഫെസിലിറ്റി സർവീസ് സെന്ററിൽ റബ്ബർ പാലിൽ നിന്നും ഡ്രൈ റബ്ബറിൽ നിന്നും ഉൽപന്നങ്ങൾ നിർമ്മിച്ച് റബ്ബറധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുന്നതിന് മൂന്ന് ദിവസത്തെ പ്രായോഗിക പരിശീലനം നടത്തും. ഈ മാസം 4(ഇന്ന്) 5, 6 തീയതികളിലായി മഞ്ചേരി പയ്യനാട് കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററിലാണ് ക്ലാസുകൾ. കൂടുതൽ വിവരങ്ങൾക്ക് അസിസ്റ്റന്റ് ഡയറക്ടർ കോമൺ ഫെസിലിറ്റി സർവീസ് സെന്റർ പയ്യനാട് (പി.ഒ), മഞ്ചേരി, മലപ്പുറം.പിൻ 676122. ഫോൺ :0483 2768507.ഫോർമാൻ (റബ്ബർ) 984679700 എന്ന വിലാസവുമായി ബന്ധപ്പെടുക.

## വളത്തിന് ടോക്കൺ വാങ്ങണം

മുളിയാർ ഗ്രാമപഞ്ചായത്ത് കൃഷിഭവൻവഴി നടപ്പിലാക്കുന്ന 2018-19 വർഷത്തിൽ തെങ്ങിനും കമുകിനും കുമ്മായം, ജൈവവളം എന്നിവയ്ക്ക് പഞ്ചായത്തിൽ അപേക്ഷ നൽകിയിട്ടുള്ളവർ ഇന്നു(4) മുതൽ മുടിയാർ കൃഷിഭവനിൽനിന്നും ടോക്കൺ വാങ്ങണം.

## എംപ്ലോയബിലിറ്റി സെന്ററിൽ ജോലി അഭിമുഖം

ജില്ല എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനു കീഴിലുള്ള എംപ്ലോയബിലിറ്റി സെന്ററിൽ നാളെ(5) രാവിലെ 11ന് അഭിമുഖം നടത്തും. ബിസിനസ് ഡെവലപ്മെന്റ് മാനേജർ യോഗ്യത.ഏതെങ്കിലും വിഷയത്തിൽ ബിരുദം(ബിബിഎ-ബിബിഎം-എംബിഎ) താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ കളക്ടറേറ്റിൽ സ്ഥിതിചെയ്യുന്ന എംപ്ലോയബിലിറ്റി സെന്ററിൽ തിരിച്ചറിയൽ കാർഡിന്റെ കോപ്പിയും ഉന്നത വിദ്യാഭ്യാസ സർടിഫിക്കറ്റിന്റെ കോപ്പിയും 250 രൂപയും അടച്ചു രജിസ്റ്റർ ചെയ്ത് അഭിമുഖത്തിൽ പങ്കെടുക്കാം. ഫോൺ: 9207155700, 04994 297470

## വർക്കിംഗ് ഗ്രൂപ്പ് ജനറൽ ബോഡി യോഗം

മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്ത് 13-ാം പഞ്ചവൽസര പദ്ധതി 2019-20 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പ് ജനറൽ ബോഡി യോഗം ചേർന്നു. പഞ്ചായത്ത് പ്രസിഡന്റ് എ.എ ജലീൽ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ഷെമീം ഫൈസൽ അധ്യക്ഷ പ്രസംഗം നടത്തി. വികസന സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ മുജീബ് കമ്പാർ 2018-19 വാർഷിക പദ്ധതികളുടെ വിശകലനം നടത്തി. വാർഡ് മെമ്പർ കെ.എ.അബ്ദുള്ള കുഞ്ഞി 2019-20 വർഷത്തിൽ നിർബന്ധിതമായി വകയിരുത്തുന്ന പദ്ധതികളും ആയതിന് ആവശ്യമായ മേഖലകളിൽ വകയിരുത്തേണ്ട വിവരങ്ങൾ യോഗത്തിൽ അറിയിച്ച് വാർഡ് മെമ്പർ അശോക.ബി.എം പദ്ധതിയുമായി ബന്ധപ്പെട്ട് പൊതുകാര്യങ്ങൾ അറിയിച്ചു. ഗ്രാമപഞ്ചായത്ത് മെമ്പർമാർയോഗത്തിൽ പങ്കെടുത്തു. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ അബ്ദുൾ ഹമീദ് സ്വാഗതം പറഞ്ഞു.

## അപേക്ഷ ക്ഷണിച്ചു

കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലെ ഓപ്പറേഷൻ തിയറ്ററിലേക്ക് ഓപ്പറേഷൻ തീയേറ്റർ ടെക്നീഷ്യൻ ട്രെയിനിയായി ജോലി ചെയ്യാൻ താൽപര്യമുള്ള യോഗ്യതയുള്ളവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. ഫോൺ: 0467 2217018

(തുടരും)

# ചിൽഡ്രൻസ് ഹോമിലേക്ക് നിയമനം

കേരള വനിതാ ശിശുവികസന വകുപ്പിന് കീഴിൽ സംയോജിതശിശുസംരക്ഷണ പദ്ധതിയുടെ ഭാഗമായി പരവനടുക്കം ഗവ:ഒബ്സർവേഷൻ ഹോം ആന്റ് സ്പെഷ്യൽ ചിൽഡ്രൻസ് ഹോമിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു.

സൈക്കോളജിയിലോ സോഷ്യൽ വർക്കിലോ ബിരുദം അല്ലെങ്കിൽ ബിരുദാനന്തര ബിരുദം. കൗൺസിലിംഗ് രംഗത്ത് മൂന്നു വർഷത്തെ പ്രവൃത്തിപരിചയം എന്നിവയാണ് യോഗ്യത. അപേക്ഷകർ 25 നും 40 നും മധ്യേ പ്രായമുള്ളവരായിരിക്കണം. ഉദ്യോഗാർത്ഥികൾ പ്രായം, പ്രവൃത്തിപരിചയം, വിദ്യാഭ്യാസയോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ പകർപ്പുകൾ സഹിതം ഈ മാസം 15ന് വൈകുന്നേരം അഞ്ചിനകം ജില്ലാശിശുസംരക്ഷണ ഓഫീസർ, ജില്ലാശിശുസംരക്ഷണ യൂണിറ്റ്, സിവിൽ സ്റ്റേഷൻ ഡി ബ്ലോക്ക്, രണ്ടാം നില, പി.ഒവിദ്യാനഗർ, കാസർകോട് -671123 എന്ന വിലാസത്തിൽ നിശ്ചിതമാതൃകയിൽ അപേക്ഷകൾ സമർപ്പിക്കണം. അപേക്ഷാഫോറം ലഭിക്കുന്നതിനായി ംംം.ഷെറ.സല്യൃമഹമ.ഴീ.ശി എന്ന വെബ്സൈറ്റ് സന്ദർശിക്കുക.ഫോൺ: 04994 256990

# കുടുംബശ്രീ പദ്ധതി നിർവ്വഹണങ്ങളിൽ

# മികച്ച നേട്ടവുമായി കാസർകോട് ജില്ലാമിഷൻ

കുടുംബശ്രീമിഷൻ നടപ്പിലാക്കുന്ന പദ്ധതി പ്രവർത്തനങ്ങളിൽ കാസർകോട് ജില്ലാമിഷൻ സാമ്പത്തിക വർഷം ആരംഭിച്ച് നാളിതുവരെ മികച്ച നേട്ടം കൈവരിക്കാൻ സാധിച്ചു. പ്ലാൻ ഫണ്ട് 3,09,42,463 രൂപയും വിനിയോഗിച്ചു.

അയൽകൂട്ടങ്ങൾ ഇന്റർ സബ്സിഡിയായി 59,23,148 രൂപയും കാർഷിക മേഖലയിലെ ഇൻസെന്റീവായി 2,05,85,950 രൂപയും സംരംഭ മേഖലയിൽ 57,56,040 രൂപയും ജെൻഡർ പദ്ധതികൾക്കായി 21,44,770 രൂപയും, പട്ടികവർഗ മേഖലയിൽ 4,96,403 രൂപയും ആശ്രയ പദ്ധതി സർവ്വേ 5,35,360 രൂപയും ബാലസഭയ്ക്കായി 5,84,480 രൂപയും ചിലവഴിച്ചു. കാർഷിക മേഖലയിൽ നടപ്പിലാക്കുന്ന എംകെഎസ്പി പദ്ധതിയിൽ 10,84,196 രൂപയും അയൽക്കൂട്ടങ്ങളുടെ റിവോൾവിംഗ് ഫണ്ടായി 10,95,000 രൂപയും ചിലവഴിച്ചു. ജില്ലാമിഷൻ സ്നേഹിത കോളിംഗ് ബെൽ സംസ്ഥാനത്ത് മുഴുവൻ മാതൃകയായി നടപ്പിലാക്കുന്നു. തരിശുരഹിത ഗ്രാമം പദ്ധതി മഴപ്പൊലിമയിലൂടെ യുവതലമുറയെ കാർഷിക മേഖലയെ ആകർഷിക്കുന്നതിനും 414 ഏക്കർ തരിശുഭൂമി കണ്ടെത്തി കൃഷിയോഗ്യമാക്കുന്നതിനു സാധിച്ചു. കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻ ദയാൽ ഗ്രാമീണ കൗശല്യ യോജനയിൽ(ഡി ഡി യു ജി കെ വൈ) കുട്ടികൾക്ക് പരിശീലനം നൽകി വിവിധ സ്ഥാപനങ്ങൾ 1240 പേർക്ക് തൊഴിൽ നൽകി. സംരംഭ മേഖലയിൽ ഗ്രാമകിരണം എൽ ഇ ഡി ബൾബ് നിർമ്മാണം, കൺസ്ട്രക്ഷൻ യൂണിററുകൾ, കാന്റീൻ കാറ്ററിംഗ് യൂണിറ്റ്, വയോജന സേവനങ്ങൾ, ജെറിയാട്രിക് യൂണിറ്റ്, ഹരിതകർമ്മസേന തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

കുടുംബശ്രീ സ്ത്രീ സുരക്ഷ ഭീമായോജന- അയൽകൂട്ട വനിതകൾക്കായുള്ള ഇൻഷൂറൻസ് പദ്ധതിയിൽ 11544 അംഗങ്ങളെ പുതുതായി സ്കീമിൽ ഉൾപ്പെടുത്തി. സമഗ്ര വികസനം ലക്ഷ്യമാക്കി നടപ്പിലാക്കുന്ന കുടുംബശ്രീ പ്രവർത്തനം കേരള മാതൃകയിൽ മറ്റു സംസ്ഥാനങ്ങളിലും നടപ്പിലാക്കുന്നതിനുള്ള ദേശീയ റിസോഴ്സ് ഓർഗനൈസേഷനായും കുടുംബശ്രീ പ്രവർത്തിച്ചു വരുന്നു.

# വനിതകൾക്കുള്ള പുനരധിവാസ പദ്ധതി; അപേക്ഷ ക്ഷണിച്ചു

ഗാർഹിക അതിക്രമത്തിനിരയായ വനിതകൾക്കുള്ള പുനരധിവാസ പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് ജില്ലയിൽ 2018-19 സാമ്പത്തിക വർഷത്തെ അപേക്ഷ ക്ഷണിച്ചു. ഗാർഹിക അതിക്രമത്തിനിരയായ ബി.പി.എൽ വിഭാഗത്തിൽപ്പെട്ടതും അല്ലെങ്കിൽ ഒരു ലക്ഷത്തിൽ താഴെ വരുമാനമുള്ള സ്ത്രീകൾക്ക് അപേക്ഷിക്കാം.

അതിക്രമവുമായി ബന്ധപ്പെട്ട 2011 നവംബർ 24 നു ശേഷം കോടതിയിലോ പോലീസ് സ്റ്റേഷനിലോ കേസ് ഫയൽ ചെയ്തിട്ടുള്ളതും കോടതിയിൽ നിന്ന് നഷ്ടപരിഹാരത്തിനോ ജീവിത ചെലവിനോ ഉത്തരവ് ലഭിച്ചിട്ടില്ലാത്തതുമായ സ്ത്രീകൾക്കാണ് ഈ ആനുകൂല്യം ലഭിക്കുക. വിശദവിവരങ്ങളും അപേക്ഷാ

(തുടരും)

ഫോറത്തിന്റെ മാതൃകയും സിവിൽ സ്റ്റേഷനിലെ ജില്ലാ വുമൺ പ്രൊട്ടക്ഷൻ ഓഫീസിൽ ലഭിക്കും. ഈ മാസം 22നകം ഓഫീസിൽ ലഭിക്കണം. ഫോൺ: 04994 256266

## കേരള സ്റ്റാർട്ടപ്പ് മിഷൻ ഇൻക്യൂബേഷൻ

## സെന്ററിലേക്ക് അപേക്ഷ ക്ഷണിച്ചു

കേരള സ്റ്റാർട്ടപ്പ് മിഷന്റെ കാസർകോട് ഇൻക്യൂബേഷൻ സെന്ററിലേക്ക് സ്റ്റാർട്ടപ്പുകളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. കാസർകോട് ജില്ലയിൽ നിന്നുള്ള സ്റ്റാർട്ടപ്പുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും സാമ്പത്തിക സാങ്കേതിക സഹായങ്ങളും ജില്ലയിൽ തന്നെ ലഭ്യമാക്കുന്നതിന് വേണ്ടിയാണ് ജില്ലാ പഞ്ചായത്ത് കേരള സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ചു ഇൻക്യൂബേഷൻ സെന്റർ ആരംഭിച്ചത്. ടെക്നോളജി രംഗത്ത് പ്രവർത്തിക്കുന്ന പ്രവൃത്തിക്കുന്ന ഏതു സ്റ്റാർട്ടപ്പുകൾക്കും അപേക്ഷിക്കാം. തിരഞ്ഞെടുക്കപ്പെടുന്ന സ്റ്റാർട്ട് അപ്പുകൾക്ക് ഓഫിസ് സ്‌പേസ്, നിബന്ധനകൾക് വിധേയമായി സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായം, സാങ്കേതിക സഹായം, നിക്ഷേപകരുമായുള്ള കൂടിക്കാഴ്ച തുടങ്ങി ഒട്ടനവധി സഹായങ്ങളാണ് കേരള സ്റ്റാർട്ടപ് മിഷൻ നൽകുന്നത്. അന്താരാഷ്ട്ര സ്റ്റാർട്ടപ്പ് കോൺഫറൻസുകൾ,കോഴിക്കോട് ഐ.ഐ.എമ്മുമായി സഹകരിച്ചു നടത്തുന്ന മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം തുടങ്ങി അന്താരാഷ്ട്ര സ്റ്റാർട്ടപ്പ് പ്രദർശന മേളകളിൽ വരെ സൗജന്യമായി പങ്കെടുക്കാനുള്ള അവസരവും കൂടി ലഭിക്കുമെന്നതാണ് കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഇൻഡക്ഷൻ പ്രോഗ്രാമിന്റെ പ്രത്യേകത. കൂടാതെ ഇന്റർനെറ്റ് ലോകത്തു വിലപിടിപ്പുള്ള ക്ലൗഡ് സർവീസുകളും ഡെവലപ്മെന്റ് ടൂളുകളും സൗജന്യമായി ലഭ്യമാക്കുന്നു. മികച്ച ആശയങ്ങളെ വിപണി മൂല്യമുള്ള ഉൽപന്നങ്ങളാക്കി മാറ്റാൻ സംരംഭകർക്ക് കേരള സ്റ്റാർട്ടപ് മിഷൻ നൽകുന്ന 12 ലക്ഷം രൂപ ഇന്നൊവേഷൻ ഗ്രാന്റ് സ്റ്റാർട്ടപ്പുകൾക്ക് നൽകുന്നുണ്ട്. ഒക്ടോബർ  20 ആണ് അപേക്ഷിക്കാനുള്ള അവസാന തീയ്യതി. താൽപര്യമുള്ള Ì mÀ«¸ pÄ www.startupmission.kerala.gov.in എന്ന വെബ്‌സൈറ്റിൽ രജിസ്റ്റർ ചെയ്യണം.കൂടുതൽ വിവരങ്ങൾക്ക് മെംമറ@മൈൃേൗുാശശൈീ.ശി എന്ന ഈമെയിലിൽ ബന്ധപ്പെടുക.

## ക്യാമ്പ് ഫോളോവർ ഒഴിവ്

ജില്ലാ സായുധസേന ക്യാമ്പിൽ ക്യാമ്പ് ഫോളോവർ (സ്വീപ്പർ -ഒന്ന്) ഒഴിവിലേക്ക് 59 ദിവസത്തേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ  നിയമനം നടത്തും. താല്പര്യമുള്ളവർ ആധാർ കാർഡിന്റെ പകർപ്പുമായി ഒക്ടോബർ എട്ടിന് രാവിലെ 10 ന് കൂടിക്കാഴ്ചയ്ക്ക് ഹാജരാകണം.

## ലോക വയോജന ദിനാഘോഷവും

## വയോമിത്രം ഏഴാം വാർഷികവും

കാലം ഓർമകൾക്ക് മങ്ങലും ശരീരത്തിൽ ചുളിവുകളും വീഴ്ത്തിയേക്കാം. കാഴ്ചകൾ അവ്യക്തവും ചുവടുകൾക്ക് ഇടർച്ചയും വരുത്തിയേക്കാം. എന്നാൽ നിശ്ചയദാർഢ്യം ഒന്നുകൊണ്ട് മാത്രം കാലത്തേയും പ്രായത്തെയും തോല്പിച്ച ഒരുപറ്റം മുതിർന്ന പൗരന്മാർ ലോക വയോജനദിനത്തിൽ ഒത്തുകൂടി ആടിയും പാടിയും സമൂഹധാരണകളെ മാറ്റിയെഴുതി.

കേരള സാമൂഹ്യസുരക്ഷാ മിഷൻ കാസർകോട് വയോമിത്രം പദ്ധതിയുടെ ആഭിമുഖ്യത്തിൽ ജില്ലാ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ കാസർകോട് നഗരസഭകോൺഫറൻസ് ഹാളിൽ നടന്ന വയോജന ദിനാഘോഷമാണ് വാർധക്യത്തിന്റെ നവയൗവനം സൃഷ്ടിച്ചത്. നാടൻ പാട്ടുകളും, പഴയകാല സിനിമ ഗാനങ്ങളും, മാപ്പിള പാട്ടുകളും എല്ലാം തെളിമ മങ്ങാതെ, ഏറെ ആസ്വദിച്ച് അവർ പാടി. ഒപ്പം നൃത്തവും കോമഡി സ്കിറ്റും ആയി കാസർകോട് ഗവ കോളേജ് എൻ.എസ്.എസ് കുട്ടികളും ആസ്വാദനത്തിന്റെയും പുതിയ തലങ്ങൾ നൽകി. അങ്കണവാടി പ്രവർത്തകരുടെ തിരുവാതിരയും ആരോഗ്യ വകുപ്പ് കാസർകോട് ഒരുക്കിയ മാന്ത്രികൻ സുധീർ മാടക്കത്തിന്റെ ഇന്ദ്രജാല പ്രകടനവും രസകാഴ്ചയായി. വയോജന ദിനാഘോഷവും വയോമിതം വാർഷിക ആഘോഷവും നഗരസഭ അധ്യക്ഷ ബീഫാത്തിമ ഇബ്രാഹിം ഉദ്ഘാടനം ചെയ്തു. ആരോഗ്യകാര്യ സ്ഥിരം സമിതി അധ്യക്ഷ നൈമൂന്നീസ എം അധ്യക്ഷയായിരുന്നു.

(തുടരും)

കേരള സാമൂഹ്യ സുരക്ഷാ മിഷൻ ജില്ലാ കോഓർഡിനേറ്റർ ജിഷോ ജെയിംസ് സ്വാഗതം ആശംസിച്ചു. കൗൺസിലർമാരായ ശങ്കര, റാഷിദ് പൂരണം, ദിനേഷ്, വയോമിത്രം മെഡിക്കൽ ഓഫീസർ ഡോ. ആസിയ, ജീവനക്കാരായ ഗീതു, സിന്ധു, ജില്ല ആരോഗ്യ വകുപ്പ് മാസ്സ് മീഡിയ വിഭാഗം ഉപ മേധാവി അരുൺ എന്നിവർ സംസാരിച്ചു. വയോമിത്രത്തിന് ഒരു വർഷത്തേയ്ക്കുള്ള മരുന്ന് കവറുകൾ സൗജന്യമായി നൽകുന്നതിന്റെ ചടങ്ങ് കേരള ഗ്രാമീൺ ബാങ്ക് റീജിണൽ മാനേജർ പ്രസന്ന, നഗരസഭ അധ്യക്ഷ ബീഫാത്തിമ ഇബ്രാഹിമിനും വയോമിത്രം മെഡിക്കൽ ഓഫീസർ ഡോ.ആസിയയ്ക്കും കൈമാറി നിർവഹിച്ചു. സമാപന ചടങ്ങിൽ സബ് ജഡ്ജും ജില്ലാ ലീഗൽ സർവീസ് അതോറിറ്റി സെക്രട്ടറിയുമായ ഫിലിപ്പ് തോമസ് വിവിധ സമ്മാനങ്ങൾ വിതരണം ചെയ്തു.

## പ്രളയാനന്തരം കേരളം; സർവേ ഉദ്ഘാടനം ചെയ്തു

സംസ്ഥാന സാക്ഷരതാ മിഷൻ സംഘടിപ്പിക്കുന്ന പ്രളയാനന്തര കേരളം എന്ത് ചിന്തിക്കുന്നു, എങ്ങനെ ചിന്തിക്കുന്നു എന്ന സർവ്വേ ജില്ലയിൽ ആരംഭിച്ചു. സർവേയുടെ ജില്ലാതല ഉദ്ഘാടനം കാസർഗോഡ് ഗവ. ഹയർസെക്കൻഡറി സ്കൂളിന് സമീപത്തുള്ള ഡോക്ടർ കെ.കെ യതീശന്റെ വീട്ടിൽനിന്നും വിവരങ്ങൾ ശേഖരിച്ച് എൻ.എ നെല്ലിക്കുന്ന് എംഎൽഎ ഉദ്ഘാടനം ചെയ്തു. ജില്ലാ കോർഡിനേറ്റർ ഷാജു ജോൺ അധ്യക്ഷത വഹിച്ചു. ജില്ലാ അസിസ്റ്റൻറ് കോർഡിനേറ്റർ പി. പി സിറാജ് ,സെന്റർ കോർഡിനേറ്റർ വിജയമ്മ, പ്രേരക് തങ്കമണി എന്നിവർ സംസാരിച്ചു. ബ്ലോക്ക്, മുൻസിപ്പൽ തലങ്ങളിൽ ജനപ്രതിനിധികൾ നേതൃത്വം നല്കി. ജില്ലയിലെ 11,000 വീടുകളിലാണ് സർവെ നടന്നത്.

ഫോട്ടോ അടിക്കുറിപ്പ്:-

സർവെ:- സംസ്ഥാന സാക്ഷരതാ മിഷൻ സംഘടിപ്പിക്കുന്ന സർവ്വേയുടെ ജില്ലാതല ഉദ്ഘാടനം എൻ.എ നെല്ലിക്കുന്ന് എംഎൽഎ നിർവഹിക്കുന്നു.

**(അവസാനിച്ചു)**